കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- തൃശ്ശൂർ നഗരസഭ വക ഭൂമിയും കെ.എസ്.ആർ ടിസി വക ഭൂമിയും പരസ്പരം കൈമാറുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശസ്വയംഭരണ(ആർ.സി) വകുപ്പ്

സ.ഉ (സാധാ)നം.56/2013/തസ്വഭവ തീയതി, തിരുവനന്തപുരം ,07/01/2013

---

പരാമർശം: 1)തൃശ്ശൂർ നഗരസഭയുടെ 3/2/12 ലെ 106 നമ്പർ തീരുമാനം

2)തൃശ്ശൂർ നഗരസഭ സെക്രട്ടറിയുടെ 07/05/2012 ലെ പി.ഡബ്ള്യു6/13865/98 നമ്പർ കത്ത്

3)നഗരകാര്യ ഡയറക്ടറുടെ 16/08/2012 ലെ ജി3 11897/12 നമ്പർ കത്ത്

**ഉത്തരവ്**

തൃശ്ശൂർ നഗരത്തിന്റെ വികസനത്തിനും ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനും വേണ്ടി രൂപകൽപ്പന ചെയ്തിട്ടുള്ള കിഴക്കേക്കോട്ട ചെമ്പുക്കാവ് റിംഗ് റോഡിന്റെ നിർമ്മാണത്തിന് തടസ്സമായി നിൽക്കുന്ന തൃശ്ശൂർ വില്ലേജ് സർവെ 1159/2 ൽപ്പെട്ട കെ.എസ്.ആർ ടിസി ഗ്യാരേജിന്റെ 9.29 സെന്റ് സ്ഥലം നഗരസഭക്ക് ,വിട്ടുകിട്ടുന്നതിന് പകരമായി തൃശ്ശൂർ വികസന അതോറിറ്റി നിർത്തലാക്കിയപ്പോൾ നഗരസഭക്ക് ലഭിച്ച തൃശ്ശൂർ വില്ലേജ് സർവെ 1066/പി യിൽപ്പെട്ട 25 സെന്റ് സ്ഥലം കെ.എസ്.ആർ ടിസി ക്ക് വിട്ടുകൊടുക്കുന്നതിന് പരാമർശം(1) പ്രകാരം തീരുമാനമെടുത്ത് പരാമർശം(2) പ്രകാരം സർക്കാർ അനുമതിക്കായി അപേക്ഷിച്ചു. പ്രസ്തുത സ്ഥലങ്ങൾ തമ്മിൽ കൈമാറുന്നതിന് അനുമതി നല്കാമെന്ന് പരാമർശം(3) പ്രകാരം നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൊതു സൌകര്യം മുൻ നിർത്തി തൃശ്ശൂർ വില്ലേജ് സർവെ 1159/2 ൽപ്പെട്ട കെ.എസ്.ആർ ടിസി ഗ്യാരേജിന്റെ 9.29 സെന്റ് സ്ഥലവും തൃശ്ശൂർ വികസന അതോറിറ്റി നിർത്തലാക്കിയപ്പോൾ നഗരസഭക്ക് ലഭിച്ച തൃശ്ശൂർ വില്ലേജ് സർവെ 1066/പി യിൽപ്പെട്ട 25 സെന്റ് സ്ഥലവും പരസ്പരം കൈമാറുന്നതിന് തൃശ്ശൂർ നഗരസഭക്ക് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
ഷൈനി ജോർജ്ജ്
അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ , തിരുവനന്തപുരം
സെക്രട്ടറി, തൃശ്ശൂർ നഗരസഭ, തൃശ്ശൂർ 680001
ഡയറക്ടർ,ലോക്കൽ ഫണ്ട്, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ ടിസി,തിരുവനന്തപുരം
പ്രിൻസിപ്പൽ എ.ജി(ഓഡിറ്റ്) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ എ.ജി(എൽബിഎ&എ) കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ കേരള മിഷൻ (വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിന്)
ഗതാഗത(എ)വകുപ്പ്(5/9/2012 ലെ 12129/എ 2/12/ഗതാഗതം പ്രകാരം)
സ്റ്റോക്ക് ഫയൽ/ഓഫിസ് കോപ്പി

ഉത്തരവിൻ പ്രകാരം,

ഉത്തരവിൻ പ്രകാരം,